

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന
ഒരു ബ്രദറൺ പ്രസിദ്ധീകരണം

July 2011

എഡിറ്റോറിയൽ

# സുതാര്യമായ വിശ്വാസം

തിരുവെഴുത്തിന്റെയും ക്രിസ്തീയ വിശ്വാസത്തിന്റെയും ശുശ്രൂഷകളുടെയും നിസ്തുല സവിശേഷതകളിൽ ഒന്നാണ് സുതാര്യത. ക്രിസ്തീയ വിശ്വാസവും ശുശ്രൂഷകളും സുതാര്യമാകണമെന്നും തിരുവെഴുത്തു കല്പിക്കുന്നു. “നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ” (1 പത്രോ. 3:15). നമ്മിലുള്ള പ്രത്യാശ മറ്റുള്ളവർക്കു വെളിപ്പെടണമെന്നും ആ പ്രത്യാശയാൽ മറ്റുള്ളവർ ആകർഷിക്കപ്പെടത്തക്കവണ്ണം അതു ജീവിതത്തിലും ശുശ്രൂഷകളിലും തെളിയണമെന്നും ദൈവാത്മാവ് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിന്റെ രത്നച്ചുരുക്കം 1 തിമൊ 4:12ൽ നാം കാണുന്നു; “ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക.” നമ്മുടെ വിശ്വാസത്തെ മറ്റുള്ളവർ അനുകരിക്കത്തക്കവണ്ണം നാം മാതൃകയുള്ള ജീവിതം നയിക്കുവാൻ ആവശ്യമുണ്ട്.

തിരുവെഴുത്തിന്റെ ആളുകളെന്നും വേർപാടുകാരെന്നും മറ്റുള്ളവരാൽ നാം സംബോധന ചെയ്യപ്പെട്ടിരുന്നതിന്റെ കാരണം നമ്മുടെ പിതാക്കന്മാർ തിരുവെഴുത്തിനും വേർപാടിനും തങ്ങളുടെ ജീവിതം സമർപ്പിച്ചിരുന്നു എന്നുള്ളതാണ്. എന്നാൽ ഇന്നു ചുരുക്കം ചിലർ ഗൂഢലക്ഷ്യങ്ങളും വ്യക്തിതാല്പര്യങ്ങളുമായി സ്ഥലം സഭകൾക്കും വേർപാടു സമൂഹത്തിന്റെ നന്മയ്ക്കും എതിരെ പ്രവർത്തിക്കുന്നതായി കാണുന്നു. സുതാര്യത ശുശ്രൂഷകളിൽ അവർക്ക് അന്യം നിന്നുപോയിരിക്കുന്നു. നാം എന്തു വിശ്വസിക്കുന്നു എന്നും എന്താണ് നമ്മുടെ ശുശ്രൂഷകളുടെ ലക്ഷ്യം എന്നും വേർപാടു സത്യങ്ങളോടു നമ്മുടെ കൂറെന്തെന്നും വെളിപ്പെടുത്തുവാൻ നാം ബാധ്യസ്ഥരാണ്. വേർപാടുകാരായ നമ്മുടെ ശുശ്രൂഷകൾ വേർപാടു സഭകളുടെ നന്മയ്ക്കും യശസ്സിനും വേണ്ടി ആയിരിക്കണം. ഒരു നൂറ്റാണ്ടു പിന്നിട്ട വേർപാടു സമൂഹത്തിൽ പിതാക്കന്മാർ പാലിച്ച വേർപാട് ഒരുപറ്റം ആളുകൾ ഉപേക്ഷിച്ച് വേർപാടിതര സഭകളുടെ ശുശ്രൂഷകരായും വക്താക്കളായും മാറുന്നുവെന്നതു ദുഃഖകരമായ കാര്യമാണ്. വേർപാടുകാരായ നമുക്കു വ്യക്തവും കൃത്യവും സുതാര്യവുമായ ഉപദേശങ്ങളും പ്രമാണങ്ങളും വേർപാടുമുണ്ട്. നമ്മുടെ ജീവിതത്തിലും ശുശ്രൂഷകളിലും അതു വെളിപ്പെടുത്തുവാൻ നാം ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. നമ്മുടെ തലമുറകൾ വിശ്വാസത്തിലും ദൈവവഴികളിലും നടക്കുവാൻ തക്കവണ്ണം സുതാര്യവും മാതൃകാപരവുമായിരിക്കട്ടെ നമ്മുടെ വാക്കുകളും പ്രവൃത്തികളും. ( ജെ.സി.പി)

---


## വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും
വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന
ഒരു ബ്രദറൺ പ്രസിദ്ധീകരണം

004





എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
ഡോ. ജോൺസൺ സി. ഫിലിപ്പ്

മാനേജിംഗ് എഡിറ്റർ
ഡോ. സനീഷ് ചെറിയാൻ

ഡിസൈൻ  ലേ ഔട്ട്
ലോഗോസ് മീഡിയ



Email- editor.verpadu@gmail.com
Website: http://frfrefreeebooks.itz4u.com



ഡോ. സനീഷ് ചെറിയാൻ

# ദൈവവചനം

ഏതെല്ലാം ഗ്രന്ഥങ്ങളെ പരിശുദ്ധാത്മ നിശ്വസിതങ്ങളായി കണക്കാക്കണമെന്നതിനെക്കുറിച്ചു ബൈബിൾ സ്പഷ്ടമായി വെളിപ്പെടുത്തുന്നുണ്ട്. പരിശുദ്ധാത്മ പ്രചോദിത തിരുവെഴുത്തു ആരിലൂടെയാണ് എഴുതപ്പെട്ടതെന്നതിലും ബൈബിൾ സുവ്യക്തമാണ്. പ്രധാനമായും അവർ യഹൂദർ, തിരഞ്ഞെടുക്കപ്പെട്ട ജനം, ക്രിസ്തീയ സഭ എന്നിവയിലെ അംഗങ്ങളായിരുന്നു. മറ്റൊരു ഗ്രന്ഥത്തെയും ഭാഗികമായോ, പൂർണ്ണമായോ പരിശുദ്ധാത്മ നിശ്വസിത ദൈവവചനത്തിന്റെ പരിധിയിലേക്കു ഉയർത്താൻ പാടില്ല. അതു ദൈവത്തിനെതിരായ മത്സരമാണ്.

> *തന്റേതായ ധ്യാനത്തിലൂടെയും പ്രയത്നങ്ങളിലൂടെയും ദൈവിക സത്യങ്ങൾ ഗ്രഹിക്കാനാവാത്ത വിധം മനുഷ്യമനസ്സ് ദുഷിച്ചതായിത്തീർന്നു. പാപത്താൽ അവന്റെ ജ്ഞാനം ഭോഷത്വമായിത്തീർന്നു. ആകയാൽ മുനിവര്യന്മാർ തങ്ങളുടെ ദർശനങ്ങളിലൂടെ ദൈവത്തിന്റെ വെളിപ്പാടുകളും ഉപദേശ സത്യങ്ങളും പ്രാപിച്ചുവെന്നത് ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ദുരുപദേശമാണ്.*

മാനുഷിക ജ്ഞാനത്തിന്റെ മൂർത്തീ ഭാവഫലങ്ങളാണ് ഇതര മത ഗ്രന്ഥങ്ങൾ. അവയിൽ ചിലതു ഭൂതങ്ങൾ മനുഷ്യർക്കു പറഞ്ഞു കൊടുത്തു എഴുതിച്ചതാണ്. തങ്ങളുടെ ഗ്രന്ഥങ്ങളിലെ മുഴുവൻ കാര്യങ്ങൾ ഭൂതങ്ങൾ അഥവാ അഭൗമിക ശക്തികൾ തങ്ങൾക്കു പറഞ്ഞു തന്നതാണെന്നവകാശപ്പെടുന്ന ഡസൻ കണക്കിനു മതഗ്രന്ഥങ്ങൾ ഇന്നുണ്ട്. ഇവയിലെ ഏതുദ്ധരണി എടുത്താലും അതു പൈശാചികോപദേശമായിരിക്കും.

ഉദാ: തിയോ സൊഫിക്കൽ സൊസൈറ്റിയുടേതായ പല ഗ്രന്ഥങ്ങളും ധ്വജ്ഖുൾ എന്ന ഭൂതം പറഞ്ഞു കൊടുത്തെഴുതിച്ചതാണെന്ന് അവർ തന്നെ സമ്മതിക്കുന്നു. അവയിലെ പല പ്രസ്താവനകളും തിരുവെഴുത്തിലെ പ്രസ്താവനകൾക്കു സമാനമാണെന്നതു ശ്രദ്ധേയമാണ്. കാരണം, തിയോസൊഫിസ്റ്റുകൾ ബൈബിളിനു വലിയ നിലയിലുള്ള അധരാർപ്പണ പ്രാധാന്യം കല്പിക്കുന്നു. ഈ തിരുവചന സാമ്യങ്ങളായ ഉദ്ധരണികൾ എടുത്ത് ഉദ്ധരിക്കുന്നത്, ഭൂതങ്ങളുടെ പ്രസ്താവനകളെ ഉദ്ധരിക്കലാണ്. കാരണം അവ ഭൂതങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ഭൂതോൽപിത ഉറവിടങ്ങളിൽ നിന്നും ഉദ്ധരിക്കുന്നതു സംബന്ധിച്ച് തിരുവെഴുത്ത് ഇപ്രകാരം പറയുന്നു, “എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു” (1 തിമൊ. 4:1).

മാനുഷിക ജ്ഞാന പ്രകാരമുള്ള മതത്തിന്റേതായ ചട്ടക്കൂടുകളെയും ദേവീദേവന്മാരെയും ദൈവജനം തള്ളിക്കളയേണ്ടതാണ്. അന്യദേവൻമാരുടെ നാമം വിശ്വാസികൾ തങ്ങളുടെ

നാവിലെടുക്കുന്നതിനെ തിരുവെഴുത്തു ശക്തമായി എതിർക്കുന്നു. അന്യദൈവങ്ങളുടെ നാമം കീർത്തിക്കരുത്, അത് നിന്റെ വായിൽ നിന്നു കേൾക്കുകയും അരുത് (പുറ 23:13). ഈ വചനത്തിന്റെ വെളിച്ചത്തിൽ ഇന്നു ക്രിസ്ത്യാനികൾ അന്യമതഗ്രന്ഥങ്ങളെ അനസ്യൂതം ഉദ്ധരിക്കുകയും അന്യ ദൈവങ്ങളെ ക്രിസ്തു തന്നെയാണെന്ന് ഉപദേശിക്കയും ചെയ്യുന്നതിനെ വേദപുസ്തക പ്രകാരം നാം ഖണ്ഡിച്ചു നിർത്തലാക്കണം. തിരുവചനവുമായി കൂട്ടിയിണക്കുകയെന്ന ലക്ഷ്യത്തോടെ അന്യമതഗ്രന്ഥങ്ങളുമായി ബൈബിളിനെ താരതമ്യം ചെയ്യുന്നതിനെ ദൈവവചനം വിലക്കുന്നു. ബാഹ്യമായി ഇവ തമ്മിൽ പല സാമ്യങ്ങൾ തോന്നുമെങ്കിലും തത്വത്തിൽ അവ തികച്ചും ഭിന്നമാണ്. അതുകൊണ്ട് വേദപുസ്തകാനുശാസിതങ്ങളായ യാഗങ്ങളെ ജാതീയ യാഗങ്ങളുമായി കൂട്ടിയിണക്കാൻ ശ്രമിക്കുന്നവൻ ചുവടെ ചേർക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

"ജാതികൾ ബലികഴിക്കുന്നതു ദൈവത്തിനല്ല ഭൂതങ്ങൾക്കു കഴിക്കുന്നു എന്നത്രേ, എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്കു മനസ്സില്ല" (1 കൊരി 10:20) അതുപോലെ തന്നെ ജാതീയ ദേവന്മാരെ യേശുക്രിസ്തുവുമായി തുലനം ചെയ്യുവാൻ തുനിയുന്നവർ ചുവടെ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മിക്കണം.

"എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏകദൈവമേ നമുക്കുള്ളു. അവൻ സകലത്തിനും കാരണഭൂതനും നാം അവന്നായി ജീവിക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവു നമുക്കുണ്ട്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാം ആകുന്നു" (1 കൊരി 8:5-6). ബൈബിൾ വെളിപ്പെടുത്തുന്ന പിതൃ, പുത്ര, പരിശുദ്ധാത്മവാം ഏകസത്യ ദൈവത്തെ ജാതീയ ദൈവങ്ങളുമായി തുലനം ചെയ്യരുതെന്ന കല്പനയുടെ ഓർമ്മിപ്പിക്കലാണിത്.

## മനുഷ്യനു തന്നെത്താൻ ആത്മീയ സത്യങ്ങൾ കണ്ടെത്താമോ?

ബൈബിളിനു വെളിയിൽ പരിശുദ്ധാത്മ നിശ്വസിത വെളിപ്പാടുകൾ ഇല്ലെങ്കിലും, മൂല്യമേറിയതും പ്രയോജനപ്രദവുമായ മതഗ്രന്ഥങ്ങൾ ലഭ്യമാണെന്നു ചിലർ ധരിച്ചേക്കാം! ഇതുവരെയും ലോകം കണ്ടിട്ടില്ലാത്ത മഹാന്മാരുടേതായ സംഭാവനകൾ ക്രിസ്ത്യേതര മതഗ്രന്ഥങ്ങളിൽ ലഭ്യമാണെന്ന് ചില ക്രിസ്ത്യാനികൾ ചിന്തിക്കാം.

മുനിവര്യന്മാരിലും മഹർഷിമാരിലും അനേകർ തത്വശാസ്ത്രപരവും ദൈവശാസ്ത്രപരവു



മായ ഗ്രന്ഥങ്ങളുടെ വാല്യങ്ങൾ തന്നെ രചിച്ചിട്ടുണ്ട്. ബൈബിളിനേക്കാളും വലുപ്പം ഏറിയ ഗ്രന്ഥം തന്നെ ഒരു മഹർഷിയെക്കൊണ്ടു രചിക്കാൻ സാധിച്ചെന്നിരിക്കും. ഇവയിൽ പല പ്രസ്താവനകളും ബൈബിളിലെ പ്രസ്താവനകളോടു സാമ്യമുള്ളതായിരിക്കും. അപ്രകാരം, ബൈബിൾ രേഖപ്പെടുത്തുന്ന ആത്മീയ സത്യങ്ങൾ മനുഷ്യനു സ്വയപ്രയത്നത്താൽ ആർജ്ജിക്കുക സാദ്ധ്യമല്ലേ? ബൈബിളിലെ പ്രസ്താവനകൾക്കു സമാനമായ പ്രസ്താവനകൾ ഉള്ളതു കൊണ്ട് അവയെയും യഥാർത്ഥ ദൈവിക വെളിപ്പാടായി അംഗീകരിച്ചുകൂടേ? ബൈബിളിന്റെയും ഇതര മതഗ്രന്ഥങ്ങളുടെയും സാമ്യം തത്വത്തിൽ എപ്രകാരമെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഇവിടെ മനുഷ്യൻ തന്റെ സ്വയ പ്രയത്നത്താൽ ആർജ്ജിച്ചെടുക്കുന്ന മാനുഷിക മൂല്യങ്ങളും ദിവ്യ സന്ദേശങ്ങളും എപ്രകാരമായിരിക്കുന്നുവെന്നതിൽ നമുക്ക് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കാം.

പ്രാകൃത മനുഷ്യന് ആത്മിക കാര്യങ്ങൾ ഭോഷത്വമാണെന്നു ബൈബിളിൽ പലഭാഗത്തും പറഞ്ഞിട്ടുണ്ട് 1 കൊരി 2:14 പ്രകാരം "എന്നാൽ പ്രാകൃത മനുഷ്യൻ ദൈവത്തിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല, അത് അവനു ഭോഷത്വം ആകുന്നു." മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പ്രാകൃത മനുഷ്യൻ തന്റേതായ ജ്ഞാനത്തിലൂടെ ദൈവിക വിഷയങ്ങൾ അറിയുന്നില്ല. നേരെ മറിച്ച് ദൈവിക ഉപദേശങ്ങൾ അവനു ഭോഷത്വമാകയാൽ അതംഗീകരിക്കാനോ, പ്രാവർത്തികമാക്കുവാനോ, പ്രചരിപ്പിക്കുവാനോ മനസ്സില്ല. മനുഷ്യ മനസ്സിന്നു ജ്ഞാനമുള്ളതെന്നു തോന്നുന്ന കാര്യങ്ങൾ വേദപുസ്തക വിപരീതങ്ങളാണ്.

മനുഷ്യ മനസ്സിൽ രൂപപ്പെടുന്ന കാര്യങ്ങൾ ദുഷിച്ചതും വേദപുസ്തകത്തിനു വിരുദ്ധവുമാണെന്ന വസ്തുത തിരുവെഴുത്തു തന്നെ പഠിപ്പിക്കുന്നു. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ള തത്രേ എന്നും യഹോവ കണ്ടു" (ഉൽപ്പ. 6:5).

ഒരുവൻ ദൈവത്തെ അന്വേഷിക്കുകയാണെങ്കിൽ, അതു സംബന്ധിച്ചു ബൈബിൾ ഇപ്രകാരം പറയുന്നു, "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാൺമാൻ യഹോവ സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു, നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല" (സങ്കീ 14:2-3). നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ



ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനുമില്ല (റോമ: 3-11)". മനുഷ്യനു തന്നെത്താൻ ക്രിസ്തുവിന്റെ മനസ്സറിഞ്ഞു, ഉപദേശ സത്യങ്ങൾ ഗ്രഹിക്കുവാൻ കഴിയുമെന്ന് വാദിച്ചാൽ ദൈവവചനം ഇപ്രകാരം പറയുന്നു, "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല, നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു." (യെശ 55:8, 9) മുനിവര്യന്മാരുടെ കണ്ടെത്തലുകളെ ദൈവവചനമായ ബൈബിളിന്റെ നിലയിലേക്കുയർത്തുവാനുള്ള എത്ര ഗഹനമായ പ്രവൃത്തിയും വൃഥാ

പ്രയത്നമത്രേ. ഒരു മനുഷ്യനും തന്റേതായ ധ്യാനം, ഉൾക്കാഴ്ച എന്നിവയിലൂടെ ദൈവിക സത്യങ്ങൾ ഗ്രഹിക്കുക സാദ്ധ്യമല്ല. "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആര്?" (റോമ. 11:33-35)

തന്റേതായ ധ്യാനത്തിലൂടെയും പ്രയത്നങ്ങളിലൂടെയും ദൈവിക സത്യങ്ങൾ ഗ്രഹിക്കാനാവാത്ത വിധം മനുഷ്യമനസ്സ് ദുഷിച്ചതായിത്തീർന്നു. പാപത്താൽ അവന്റെ ജ്ഞാനം ഭോഷത്വമായിത്തീർന്നു. ആകയാൽ മുനിവര്യന്മാർ തങ്ങളുടെ ദർശനങ്ങളിലൂടെ ദൈവത്തിന്റെ വെളിപ്പാടുകളും ഉപദേശ സത്യങ്ങളും പ്രാപിച്ചുവെന്നത് ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ദുരുപദേശമാണ്.

ക്രൈസ്തവേതരരോടുള്ള ബന്ധത്തിൽ അവരുടെ ദിവ്യപുരുഷന്മാരും ബൈബിളിലെ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നു പറയുവാനുള്ള പ്രവണത ക്രിസ്ത്യാനികളിൽ ഈ നാളുകളിൽ വർദ്ധിച്ചു വരുന്നു. ബംഗാളികളായ ചില പ്രൊട്ടസ്റ്റാന്റുകൾ 50 വർഷങ്ങൾക്കു മുമ്പു തന്നെ ഈ സമീപനം പ്രാവർത്തികമാക്കിയിരിക്കുന്നു. എന്നാൽ ഭൂരിഭാഗം ദൈവശാസ്ത്രജ്ഞരും വേദപഠിതാക്കളും ഈ സമീപനത്തെ ചെറുത്തു. ഈ സമീപനത്തിന്റെ ദൂഷ്യവശങ്ങൾ അവർ ചൂണ്ടിക്കാണിച്ചെന്നു മാത്രമല്ല, ഈ സമീപനത്തലൂടെയുളവാകുന്ന വ്യതിചലനത്തിന്റെ ആഴവും അവർ വ്യക്തമാക്കി.

50 വർഷങ്ങൾ പിന്നിട്ടു ഇന്നത്തെ നിലയിലെത്തിയിരിക്കുന്ന ഈ സമീപന രീതി നമ്മിൽ പലരെയും കീഴ്പ്പെടുത്തി. കാരണം ഉപദേശ വിഷയങ്ങളിൽ നാം ഇന്നു പരിജ്ഞാനമില്ലാത്തവരും പിതാക്കൻമാർ നൽകിയ മുന്നറിയിപ്പിനെ അവഗണിച്ചവരുമാകുന്നു. ഇതര മതഗ്രന്ഥങ്ങളെ ആശ്ലേഷിച്ച ക്രൈസ്തവർ ബൈബിളിനെ പൂർണ്ണമായും നിരസിച്ചിരിക്കുന്നു. ഹൈന്ദവ മത ഗ്രന്ഥങ്ങൾക്കു അവർ വേദപുസ്തകത്തേക്കാൾ പ്രാധാന്യം കല്പിക്കുന്നു. ഹിന്ദുയിസവുമായി രമ്യപ്പെടുംവിധം അവർ ക്രിസ്തീയ ഉപദേശങ്ങളെ വ്യതിചലിപ്പിച്ചിരിക്കുന്നു.

ദൈവിക വെളിപ്പാടും മാനുഷിക കണ്ടെത്തലുകളും തമ്മിലുള്ള അന്തരം ഗ്രഹിക്കാത്തതാണിതിനു കാരണം.

---

*Continuation from P.12.........*

അബ്രഹാം സഹോദരന്റേതായിരുന്നു. കുറുമ്പൻ എന്ന പേരിൽ ഞങ്ങളുടെ കൃഷിപ്പണിയിൽ ഈ സഹോദരൻ ഏർപ്പെട്ടിരുന്നതു എന്റെ ഓർമ്മയിലുണ്ട്. പിന്നീടു വിശ്വാസിയായതിനുശേഷവും വളരെ നാളുകളോളം ഞങ്ങളുടെ ജോലി ചെയ്തുവന്നു. ഈ സഹോദരനെ സ്നാനപ്പെടുത്തിയതു, വലിയൊരു കൂട്ടത്തിന്റെ മദ്ധ്യേവെച്ചു നാഗൽ സായിപ്പായിരുന്നു. അന്നൊരു പ്രാവശ്യമേ ഞാൻ നാഗൽ സായിപ്പിനെ കണ്ടിട്ടുള്ളു. അദ്ദേഹത്തിന്റെ രണ്ടു മക്കൾ അന്ന് അങ്കമാലിയിൽ വെച്ച് സ്നാനപ്പെട്ടു. അക്കാലത്തു സായ്പന്മാർക്കുണ്ടായിരുന്ന ഔന്നത്യം കൊണ്ടല്ലായിരുന്നെങ്കിൽ അങ്കമാലിയിൽ അന്നു സ്നാനം നടക്കില്ലായിരുന്നു എന്നു തീർച്ചയായി തന്നെ പറയാം.

പാഷണ്ഡമതത്തിലേക്കു കുറുമ്പൻ കൂടിയതുകൊണ്ട് അബ്രഹാം സഹോദരനെ ആരും ജോലിക്കു വിളിക്കയില്ലെന്നു ആ കാലത്ത് ഒരു തീരുമാനം ഉണ്ടായി. എന്നാൽ അതു അധിക നാളുകൾ നീണ്ടുനിന്നില്ല. നല്ല ആരോഗ്യശാലിയും കൃഷി കാര്യങ്ങളിൽ വിദഗ്ധനുമായ ഒരു വേലക്കാരനായിരുന്നു ആ സഹോദരൻ. രക്ഷിക്കപ്പെട്ട ശേഷം പ്രത്യേകിച്ചും ഒട്ടും മടി കൂടാതെ നല്ലപോലെ ജോലി ചെയ്തുവന്നു. ഇക്കാര്യം പ്രസിദ്ധമായതോടെ അബ്രഹാം സഹോദരനു 'ഇരിക്കപ്പൊറുതിയില്ലാത്ത വിധം ആവശ്യക്കാരുണ്ടായി വന്നു. മുള്ളു വെട്ടി, വേലി കെട്ടുന്നതു പുലയരുടെ കുലത്തൊഴിലായിരുന്നു എന്നു പറയാം. കുറുമ്പൻ മുള്ളുവേലി കെട്ടുന്നതിലും അഗ്രഗണ്യനായിരുന്നു. തന്റെകൂടെ പണിയെടുക്കുന്നവരോടു വാതോരാതെ സുവിശേഷം പറയുന്നതു തന്റെ ജീവിതത്തിൽ എടുത്തു പറയത്തക്ക സംഗതിയാണ്. സുവിശേഷം അറിയിക്കുന്നതിൽ തനിക്കുള്ള അത്യുത്സാഹത്തിനു ഞാനും ദൃക്സാക്ഷിയാണ്. തന്റെ പ്രവർത്തന ഫലമായി ചിലർ കർത്താവിങ്കലേക്കു വരാനിടയായിട്ടുണ്ട്.

(തുടരും)

ഡോ. ജോൺസൺ സി. ഫിലിപ്പ്



# കൾട്ടുകളും പ്രവർത്തനശൈലികളും

***കൾട്ടുകൾ ഒരുതരം വൈറസ് രോഗം പോലെയാണ്. ഈ രോഗാണുക്കൾ യാഥാസ്ഥിതിക ക്രിസ്ത്യൻ സഭകളെപ്പോലും കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. കഴിയുമെങ്കിൽ തന്റെ വ്രതന്മാരെപ്പോലും തെറ്റിക്കുവാനും സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ.***

കൾട്ടുകൾ എന്നും യഥാസ്ഥിതിക ക്രിസ്തീയ വിശ്വാസത്തിന് എതിരായിരുന്നു. Waler Marin കൾട്ടുകൾക്കു നൽകിയിരിക്കുന്ന നിർവ്വചനം ശ്രദ്ധേയമാണ്. "ഏതെങ്കിലും ഒരു വ്യക്തിയുടെ ബൈബിൾ വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തി രൂപംകൊള്ളുന്ന ഒരു സമൂഹത്തെ ക്രൈസ്തവ കൾട്ട് എന്നു വിളിക്കാം." ഇക്കൂട്ടർ സാധാരണയായി വ്യതിചലിക്കുന്നവരായിരിക്കും.

സത്യം അന്വേഷിക്കുക എന്നുള്ളത് മനുഷ്യന്റെ ജന്മവാസനയാണ്. സത്യത്തെ അന്വേഷിക്കുന്ന ഈ വ്യക്തികൾക്കു താൻ ആരാണെന്നും എവിടെനിന്നും വന്നു എന്നും എവിടേക്ക് പോകുന്നു എന്നും മറ്റുമുള്ള കാര്യങ്ങൾ അറിവാൻ ഒരു വാഞ്ഛയുണ്ട്. ഈ വാഞ്ഛയെയാണ് കൾട്ടുകൾ ദുർവിനിയോഗം ചെയ്യുന്നത്. എല്ലാ കൾട്ടുകളുടെയും പക്കൽ ഇതുപോലെയുള്ള സത്യാന്വേഷിയുടെ ചോദ്യങ്ങൾക്ക് ഉത്തരമുായിരിക്കും. ഇല്ലായെങ്കിൽ തന്നെ തങ്ങൾക്ക് അറിവുണ്ട് എന്ന് ഇക്കൂട്ടർ നടിക്കുന്നു. തന്റെ എല്ലാ പ്രശ്നങ്ങൾക്കും ശരിയായ പരിഹാരം ഈ കൾട്ടുകൾക്ക് നിർദ്ദേശിക്കുവാൻ കഴിയുമെന്ന് അവർ ആ വ്യക്തിയെ ബോദ്ധ്യപ്പെടുത്തുന്നു.

കൾട്ടുകളുടെ മറ്റൊരു പ്രത്യേകത അവർ മനുഷ്യസമൂഹത്തിന് പ്രയോജനകരമായ പലതും തങ്ങൾ ചെയ്യുന്നു എന്നു നടിക്കുന്നു. ഒരു വ്യക്തി ഒരു കൾട്ടു ഗ്രൂപ്പിൽ അംഗമായി തീരുന്നത് ഒരിക്കലും ബാക്കി എല്ലാ മതവിശ്വാസങ്ങളും തത്വങ്ങളും പരിശോധിച്ചതിനു ശേഷമായിരിക്കില്ല. പിന്നെയോ താൻ ചേർന്നിരിക്കുന്ന ഈ കൾട്ടു മാത്രമാണ് തന്റെ ലോകം. ഒരു വിധത്തിൽ പറഞ്ഞാൽ, ഒരുതരം കൂപമണ്ഡൂപങ്ങൾ (കിണ റ്റിൽ വീണ തവളയ്ക്കു സമാനം - തവളയ്ക്കു കിണറ്റിനു വെളിയിലുള്ള യാതൊന്നും അറിയില്ലല്ലോ, ചിന്തിക്കുന്നുമില്ലാ). താൻ കുമുട്ടിയ കൾട്ടിന്റെ തന്നെ എല്ലാ വശങ്ങളെക്കുറിച്ചുപോലും ചിന്തിക്കുവാൻ അവന് അവസരം ലഭിക്കാറില്ല. അഥവാ ചിന്തിക്കുകയാണെങ്കിൽ തന്നെ താൻ തങ്ങളുടെ സമൂഹത്തിൽ ഒറ്റപ്പെട്ടു പോകും എന്ന ഭയത്താൽ അവയെ പരസ്യമായി പ്രസ്താവിക്കുവാൻ ധൈര്യപ്പെടാറില്ല. ഭയവും ആകലചിന്തയും കൊ് ആ വ്യക്തി ആ കൾട്ടുഗ്രൂപ്പിൽ തന്നെ തുടരേി വരുന്നു.

കൾട്ടുകൾ ഒരുതരം വൈറസ് രോഗം പോലെയാണ്. ഈ രോഗാണുക്കൾ യാഥാസ്ഥിതിക ക്രിസ്ത്യൻ സഭകളെപ്പോലും കാർന്നു തിന്നുകൊിരിക്കുകയാണ്. കഴിയുമെങ്കിൽ തന്റെ വ്രതന്മാരെപ്പോലും തെറ്റിക്കുവാനും സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ.

### കൾട്ടുകളുടെ ചില പ്രത്യേക സ്വഭാവങ്ങൾ

കൾട്ടുകൾ തങ്ങൾക്കു മാത്രമായി ചില സവിശേഷതകളുണ്ടെന്നും തങ്ങൾ മാത്രമാണ് അനുഗ്രഹീതർ എന്നും അവകാശപ്പെടാറു്. തങ്ങളുടെ വിഭാഗത്തിൽ അംഗമല്ലാത്ത സകലരും നരകത്തിനുള്ള ഇന്ധനമാണ് എന്ന് ഇക്കൂട്ടർ ധരിച്ചുവച്ചിരിക്കുന്നു. ഇവർ എപ്പോഴും തങ്ങളുടെ നിസ്തുല്യ ഗുണങ്ങൾ അവകാശപ്പെടുവാൻ ചില വിശേഷതകൾ എടുത്തു പറയാറു്. അവയിൽ ചിലത്:-

#### A. പുതിയ സത്യം

ഇതുവരെ ചരിത്രത്തിൽ ആർക്കും ദൈവം വെളിപ്പെടുത്താതിരുന്നതും തങ്ങളോടുള്ള പ്രത്യേക മമതയാൽ ദൈവം തങ്ങൾക്ക് നൽകിയതാണ് എന്ന് അവകാശപ്പെടുന്നതുമാണ് ഈ പുതുസത്യങ്ങൾ.

ചില ഉദാഹരണങ്ങൾ :

1. റവ. മൂണിന്റെ അവകാശവാദം, യേശുക്രിസ്തുവിന്റെ ജീവിതദൗത്യം പൂർത്തീകരിക്കുവാൻ യേശുകർത്താവ് തന്നെ തിരഞ്ഞെടുത്തു എന്നാണ് റവ. മൂൺ പറയുന്നത്. അത് ഇപ്രകാരമാണ്, "യേശുക്രിസ്തുവിന്റെ ഹൃദയത്തെ പൂർണ്ണമായും അറിയുകയും, അവന്റെ കഷ്ടാനുഭവങ്ങളെ പൂർണ്ണമായി ഗ്രഹിക്കയും, ഭാവിയെക്കുറിച്ച് പൂർണ്ണ പ്രത്യാശ പ്രാപിച്ചതും ഞങ്ങൾ മാത്രമാണ്. (Rev. Moon the way of the world, Holy Spirit Assn For the unification of the world's Christianity Vol. III No 4, April 1996)

2. മോർ മോൺ ചർച്ചിനു പറയാനുള്ളത്, യഥാർത്ഥ ക്രിസ്തീയത്വം നീ 18 നൂറ്റാുകൾ നിഗൂഢമായിരുന്നു. അവർ വഴിതെറ്റി ജീവിക്കുകയായിരുന്നു. എന്നാൽ Joseph Smith-ന് ദൈവം നഷ്ടപ്പെട്ടുപോയ ആ യഥാർത്ഥ സുവിശേഷം സ്പഷ്ടമായി വെളിപ്പെടുത്തിക്കൊടുത്തു. എന്നു മാത്രമല്ല

ഇപ്പോഴും അവൻ തന്റെ പ്രവാചകന്മാർക്ക് ആ വെളിപ്പെടുത്തലുകൾ തുടർന്നു കൊടേയിരിക്കുന്നു.

എല്ലാ കൾട്ടുകളും ഇങ്ങനെ ബൈബിൾ മാത്രമല്ല ആധികാരികമായി എടുക്കുന്നത്. അവർ തങ്ങൾക്ക് മാത്രം ലഭിച്ചത് എന്നവകാശപ്പെടുന്ന എന്തെങ്കിലും 'പുതിയ സത്യം' ബൈബിളിനോട് കൂട്ടിച്ചേർക്കും. യഥാർത്ഥത്തിൽ ആ പുതിയ സത്യമായിരിക്കും അവരുടെ ഏറ്റവും പ്രധാനമായ ഉപദേശവും.

### B. പുതിയ വ്യാഖ്യാനം

ചില കൾട്ടുകൾക്ക് ബൈബിൾ മാത്രമായിരിക്കും ആധികാരികമായിട്ടുള്ള ഗ്രന്ഥം. എങ്കിലും എല്ലാ അംഗങ്ങൾക്കും ലഭിച്ച വെളിച്ചം അനുസരിച്ച് ബൈബിൾ വ്യാഖ്യാനിക്കുവാൻ അധികാരം ഉായിരിക്കുകയില്ല. തങ്ങളുടെ കൾട്ട് നേതാവ് വ്യാഖ്യാനിക്കുന്ന ആ "പുതിയ വ്യാഖ്യാനരീതി" അവർ അംഗീകരിക്കണം. തങ്ങളുടെ ഉപദേശത്തെ സ്ഥാപിക്കുവാൻ വേി നേതാവ് ചെയ്യുന്ന ഏത് ദുർവ്യാഖ്യാനമാണെങ്കിലും കൾ ട്ടിലെ അംഗങ്ങൾ അവയെല്ലാം അംഗീകരിച്ചേ (ശരിവെച്ചേ) മതിയാകൂ.

### C. ബൈബിളിന്റെ ആധികാരികത

കൾട്ടുകൾ സാധാരണയായി പിൻതുടർന്നു വരുന്ന മറ്റൊരു നയം മൂലഗ്രന്ഥത്തിന്റെ മാത്രമായുള്ള ദൈവനിവേശിതമാണ്. മൂലഗ്രന്ഥം ദൈവനിവേശിതമാണെങ്കിലും അവയെ പരിഭാഷപ്പെടുത്തിയപ്പോൾ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ട് എന്ന് ഇക്കൂട്ടർ പഠിപ്പിക്കുന്നു. ഇന്ന് ലഭ്യമായിട്ടുള്ള മിക്ക പരിഭാഷകൾക്കും ഇതു തന്നെയാണ് സ്ഥിതി എന്നു അവർ പ്രചരിപ്പിച്ചിരിക്കുന്നു. അങ്ങനെ ഇവർ ബൈബിളിന്റെ ആധികാരികതയെ തന്നെ ചോദ്യം ചെയ്യുന്നു. തങ്ങളുടെ ഉപദേശങ്ങൾ സ്ഥാപിക്കുവാൻ ദൈവവചനത്തെ കോട്ടിക്കളഞ്ഞ് അതാണ് യഥാർത്ഥ പരിഭാഷ എന്ന വ്യാജേന അവർ പുറത്തിറക്കുന്നു.

ഉദാ: യഹോവാ സാക്ഷികളുടെ "New World Translation of the Holy Scriptures"ഇതിലെ ഏറ്റവും രസാവഹമായ വസ്തുത ഈ ബൈബിൾ പരിഭാഷകർ ആരെന്നോ അവരുടെ യോഗ്യത എന്തെന്നോ ഒരിക്കലും അവർ പുറത്തു വിടാറില്ല എന്നതാണ്.

### D. മറ്റൊരു ക്രിസ്തു

യാഥാസ്ഥിതിക ക്രിസ്തീയ വിശ്വാസത്തിൽ യേശുക്രിസ്തു "സകലത്തിന്റെയും ലാക്കും കാരണഭൂതനും ആണ്." എന്നാൽ കൾട്ടുകളുടെ ഒരു പ്രത്യേകത അവരുടെ ക്രിസ്തു എപ്പോഴും 'മറ്റൊരു ക്രിസ്തു ആയിരിക്കും.' യഹോവാ സാക്ഷികളുടെ അഭിപ്രായത്തിൽ യേശുക്രിസ്തു കന്യകാജനനത്തിനു മുമ്പ് മീഖായേൽ ദൂതനായിരുന്നു. അവൻ ആരംഭത്തിൽ ഇല്ലായിരുന്നു. അവൻ ദൈവത്തിന്റെ സൃഷ്ടികളിൽ ഒന്നാമനാണ്. എന്നാൽ മോർമോൺസിന്റെ വിശ്വാസപ്രകാരം യേശു സ്വർഗ്ഗീയ മാതാവിന്റെയും പിതാവിന്റെയും ലൈംഗിക വേഴ്ചയുടെ ഫലമായി ഉളവായ അനേക ദൈവപുത്രൻമാരിൽ ആദ്യജാതനാണ്. എന്നുമാത്രമല്ല സ്വർഗ്ഗീയ പിതാവ് കന്യാമറിയത്തിൽ അവനെ ജനിപ്പിച്ചു എന്നുമാണ് അവർ പഠിപ്പിക്കുന്നത്. ഇവർ എന്തുതന്നെ വിശ്വസിച്ചാലും എല്ലാ



കൾട്ടുകളെ സംബന്ധിച്ചും ഒരുകാര്യം തറപ്പിച്ചു പറയാൻ സാധിക്കും. അവരുടെ ക്രിസ്തു "മറ്റൊരു ക്രിസ്തു" ആണ്.

### E. യഥാസ്ഥിതിക ക്രിസ്തുമാർഗ്ഗവും കൾട്ടുകളും

എല്ലാ കൾട്ടുകൾക്കും പറയുവാൻ ഉള്ളത് ക്രിസ്തുമാർഗ്ഗം യഥാർത്ഥ ദൈവവഴിയിൽ നിന്നും വളരെ അകലെയാണ് എന്നാണ്. തിയോസൊഫിയുടെ സ്ഥാപകയായ Helena P. Blavetsky-ക്ക് യാഥാസ്ഥിതിക ക്രിസ്തുമതത്തെപ്പറ്റി പറയുവാനുള്ളത് ശ്രദ്ധേയമാണ്. "ക്രിസ്തുമതം ഇന്ന്, സൈദ്ധാന്തികമായ വാദഗതിയോടുകൂടിയതും അസഹിഷ്ണുവായതും സ്ഥാനങ്ങൾക്കും, ധനത്തിനും, അധികാരങ്ങൾക്കും മാത്രം ആഗ്രഹമുള്ളതും കളങ്കം നിറഞ്ഞതുമായ കാപട്യക്കാരുടെ മതമാണ്." (H.P. Blavastiky, studies in Occulttisn, Theosopphial University Press Vide page 138).

Joseph Smith-ന് പറയാനുള്ളത് ഇതിലും വിശേഷമാണ്. യേശു ക്രിസ്തു സ്മിത്തിന് പ്രത്യക്ഷനായി തന്റെ ദൗത്യം ഏൽപ്പിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം യേശുക്രിസ്തുവിനോട് ചോദിച്ചു. "ഞാൻ, ഏതു സഭയിലാണ് ചേരേത് എന്ന്. അതിന് യേശു അവനോട് ഉത്തരം പറഞ്ഞു. "നീ അവരുടെ ഒരു സഭയിലും ചേരരുത്. അവ

# ബ്രദറൺ റിസേർച്ച് ഗ്രൂപ്പ്
# ലക്ഷ്യവും നിലപാടുകളും



വ്യക്തമായ ലക്ഷ്യത്തോടും സംശുദ്ധമായ നിലപാടുകളോടും കൂടെ പ്രവർത്തിക്കുന്ന രീതിയാണ് ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് സ്വീകരിച്ചിരിക്കുന്നത്. ബ്രദറൺ റിസേർച്ച് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാണെന്നതിനാൽ അവ ഞങ്ങളുടെ പ്രേക്ഷകർക്കു മുമ്പാകെ അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്.

ബ്രദറൺ റിസേർച്ച് ഗ്രൂപ്പിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. യുവതലമുറയെ അടിസ്ഥാന വേദപുസ്തക ഉപദേശങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുക.
2. വേർപാടു സഭകൾ നിലകൊണ്ടതായ ഉപദേശ സത്യങ്ങളിലേക്ക് ഒരു മടങ്ങിവരവും ആത്മീക പുനർസമർപ്പണവും വേർപെട്ട ദൈവജനത്തിനുണ്ടാകുവാൻ സഹായകമായ നിലയിൽ പ്രവർത്തിക്കുക.
3. ദുരുപദേശങ്ങളെ തിരിച്ചറിയുവാനും ചെറുത്തു നിൽക്കുവാനും വിശ്വാസികളെ സഹായിക്കുക.
4. എക്യുമെനിസം (സർവ്വസഭാ ഐക്യം) പോലുള്ള വേദവിപരീത ആശയങ്ങളിലേക്ക് ഇറങ്ങിപ്പോകുന്ന വിശ്വാസികളെ വേർപെട്ട സഭകളുടെ ലക്ഷ്യത്തെക്കുറിച്ചും തിരുവചന നിലപാടിനെക്കുറിച്ചും ഓർമ്മപ്പെടുത്തുക.
5. തിരുവചനത്തിലേക്കും അടിസ്ഥാന ഉപദേശങ്ങളിലേക്കും മടങ്ങിവരുവാനുള്ള ഒരു ആഹ്വാനം നൽകുക.
6. ഇന്നു വിശ്വാസഗോളത്തിൽ ഉപദേശ വിഷയങ്ങളോടു വർദ്ധിച്ചുവരുന്ന വിരക്തിയെ ഒഴിവാക്കി വചന പഠനത്തിനായി വിശ്വാസികളെ സഹായിക്കുക.
7. ഉപദേശപരമായും വേർപാടു സത്യങ്ങളിലേക്കും ബ്രദറൺ വിശ്വാസികൾ ഒന്നു മടങ്ങിവരുവാനുള്ള പാത ഒരുക്കുക.

Page 8 continues.........

രെല്ലാം ഒരുപോലെ തെറ്റിപ്പോയിരിക്കുന്നു.'' തുടർന്ന് യേശു ഇങ്ങനെ പറഞ്ഞു, ''അവരുടെ ധർമ്മതത്വ പദ്ധതികളെല്ലാം എന്റെ മുമ്പിൽ നികൃഷ്ടമാണ്. അവർ ദുർമാർഗ്ഗികളാണ്. അവർ അധരം കൊ് എന്നെ വൃഥാ സേവിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നിൽ നിന്നും അകന്നിരിക്കുന്നു. അവർ ദൈവസേവയെ ആദായസൂത്രമാക്കി മാറ്റിയവരാണ്. മാനുഷിക കല്പനകൾ അഭ്യസിപ്പിക്കുന്നവരാണ്.''

**F. കൾട്ടുകൾ ഇരുവാക്കുകാരാണ്**

കൾട്ടുകളുടെ മറ്റൊരു പ്രത്യേകത അവർ പരസ്യമായി ഒന്നു പറയുകയും രഹസ്യമായി മറ്റൊന്നു വിശ്വസിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. മിക്ക കൾട്ടുകളും തങ്ങൾ ക്രിസ്ത്യാനികളാണെന്ന് അഭിമാനിക്കുന്നു. എന്നാൽ ഗൂഢമായി അവർ ക്രിസ്തു നിഷേധികളാണ്. ഉദാ: മോർമോൺസ് ''ഞങ്ങൾ... അവന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു'' എന്നു പരസ്യമായി പറയും. എന്നാൽ അവരെ ശ്രദ്ധിച്ചാൽ അവർ യഥാർത്ഥ ക്രിസ്തുവിൽ നിന്ന് വളരെ അകലെയാണ് ജീവിക്കുന്നതെന്ന് മനസ്സിലാക്കാം. അവരുടെ ക്രിസ്തു മറ്റൊരു ക്രിസ്തുവാണ്

കഴിഞ്ഞ അനേകം വർഷങ്ങളുടെ പ്രാർത്ഥനയുടെയും പരിശുദ്ധാത്മ നടത്തിപ്പിന്റെയും അടിസ്ഥാനത്തിലാണ് ഞങ്ങൾ ഈ സംരംഭത്തിനായി ഞങ്ങളെത്തന്നെ സമർപ്പിച്ചത്. ഞങ്ങളുടെ എഴുത്തുകൾ വായിച്ച അനേകരിൽ നിന്നും ലഭിച്ച മറുപടികൾ ഇതു ദൈവത്താൽ സ്ഥാപിതമെന്നതിനു തെളിവാണ്.

ഞങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന സ്ഥലം സഭകളിലെ വിശ്വാസികളുടെ പ്രാർത്ഥനയും സഹകരണവും ഈ ശുശ്രൂഷകൾക്കു ശക്തി നൽകുന്നു. ദൈവജനം തിരുവെഴുത്തിലേക്കും വേർപാടു സത്യങ്ങളിലേക്കും മടങ്ങി വരരണം എന്നതാണ് ഞങ്ങളുടെ ഏക ലക്ഷ്യം.

**ഞങ്ങളുടെ നിലപാടുകൾ**

1. തിരുവചന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി ഞങ്ങൾ നിലകൊള്ളുന്നു.

2. തിരുവചനത്തിനു നിരക്കാത്തതും വേർപാടു സത്യങ്ങളെ ഹനിച്ചു കൊണ്ടു ഉയർന്ന വരുന്നതുമായ ദുരുപദേശങ്ങളെ ചെറുത്തു നിൽക്കാൻ ഞങ്ങളാലാവതു ശ്രമിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പല ദുരുപദേശങ്ങളുടെയും ആഗമനം തടയുന്നതിനു ബ്രദറൺ റിസേർച്ച് ഗ്രൂപ്പിനു സാധിച്ചിട്ടുണ്ട്.

3. ദുരുപദേശങ്ങളെ വമർശിക്കുമെങ്കിലും അവ പഠിപ്പിക്കുന്നവരുടെ വ്യക്തിത്വത്തെയോ യോഗ്യതകളെയോ ഞങ്ങൾ വിമർശിക്കില്ല. വിമർശിച്ചിട്ടുമില്ല. തിരുവചന വെളിച്ചത്തിൽ അവരുടെ ആശയങ്ങളെ ഖണ്ഡിക്കുക മാത്രമേ ചെയ്തിട്ടുള്ളു, ചെയ്യുകയുമുള്ളു.

4. ആശയപരമായ വിയോജിപ്പുകൾ ഉണ്ടാകുന്ന വേളയിൽ ഞങ്ങൾ സഹോദരന്മാരുടെ വ്യക്തിത്വത്തിനെതിരെ എഴുതാറില്ല, എഴുതിയിട്ടുമില്ല.

ഡോ. ജോൺസൺ സി. ഫിലിപ്പ്

**ബ്രദറൺ റിസേർച്ച് ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ദൈവനാമ മഹത്വത്തിനും അടിസ്ഥാന ഉപദേശ സത്യങ്ങളുടെ വ്യാപനത്തിനും ദൈവജനത്തിന്റെ പ്രത്യേകിച്ചു വേർപാടു സഭകളുടെ ആത്മീകാഭിവൃദ്ധിയും മാത്രം ലക്ഷ്യമിട്ടുള്ളവയാണ്. ദുരുപദേശങ്ങൾക്കെതിരെ എഴുതുമെങ്കിലും വ്യക്തിഹത്യാപരമായ യാതൊരു പരാമർശവും നടത്തിയിട്ടില്ല; നടത്തുകയുമില്ല.**

രഹസ്യ വെബ്സൈറ്റിലൂടെയും മറ്റും കൂട്ടു സഹോദരന്മാർക്കെതിരെ വ്യക്തിഹത്യാപരമായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നു എന്ന ഒരു പ്രചരണം ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന ചിലർ ചെയ്തിട്ടുണ്ട്. അതു സംബന്ധിച്ച് പലരും കത്തു

കളിലൂടെയും ഇമെയിലിലൂടെയും ഫോണിലൂടെയും ഞങ്ങളോടു വിശദീകരണം ചോദിച്ചിട്ടുണ്ട്. ഇതു ബ്രദറൺ റിസേർച്ച് ഗ്രൂപ്പിന്റെ നിലപാടു സംബന്ധിച്ച വിഷയം ആകയാൽ ഞങ്ങൾ അതിനിപ്രകാരം മറുപടി വിശ്വാസ സമൂഹത്തിനു മുമ്പാകെ പറയുവാനാഗ്രഹിക്കുന്നു. ബ്രദറൺ സമൂഹത്തിലെ ഒരു സഹോദരനെക്കുറിച്ചും ഡോ. ജോൺസൺ സി. ഫിലിപ്പ് വ്യക്തിഹത്യാപരമായ ഒരു പരാമർശംപോലും തന്റെ എഴുത്തുകളിൽ ചേർത്തിട്ടില്ല. ചിലർ പ്രചരിപ്പിക്കുന്നതുപോലെ ഒരു രഹസ്യ വെബ്സൈറ്റും ഡോ. ജോൺസൺ നടത്തുന്നില്ല (വെബ്സൈറ്റ് രഹസ്യമല്ല എന്നതു സാമാന്യ സത്യമാണ്). ഇനി ആർക്കെങ്കിലും തന്റെ എഴുത്തുകളിൽ വ്യക്തിഹത്യാപരമായ പരാമർശങ്ങൾ തെളിവ് സഹിതം ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ക്ഷമാപണം ബ്രദറൺ റിസേർച്ച് ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഡോ. ജോൺസൺ സി. ഫിലിപ്പ് ഉപദേശ പിശകുകളെ ചൂണ്ടിക്കാണിക്കാറും വിമർശിക്കാറുമുണ്ട്. എന്നാൽ അവ പഠിപ്പിക്കുന്നവരുടെ വ്യക്തിത്വത്തെ വിർശിക്കാറില്ല. ബ്രദറൺ റിസേർച്ച് ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽ വ്യക്തിഹത്യാപരമായ പരാമർശങ്ങൾ കണ്ടാൽ ഉടൻ ഞങ്ങളെ അറിയിക്കുക. അല്ലാത്തപക്ഷം ഇത്തരം അപവാദ പ്രചരണങ്ങളിൽ അടിമപ്പെട്ടുപോകാതെ നിങ്ങളെ തന്നെ സൂക്ഷിക്കുക. ബരോവയിലെ വിശ്വാസികളെപ്പോലെ കേൾക്കുന്നതു അങ്ങനെതന്നെയോ എന്നു ശോധന ചെയ്യുക. വ്യക്തമായ തെളിവില്ലെങ്കിൽ അത്തരം അപവാദ പ്രചരണമെന്ന പാപങ്ങളിൽ പങ്കാളിയാകാതിരിപ്പാൻ സൂക്ഷിക്കണമെന്നുള്ള ഒരു പ്രബോധനം ഞങ്ങൾക്കുണ്ട്.

5. തിരുവചന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കും നിരക്കാത്ത ഏതു പഠിപ്പിക്കലുകളെയും പരിചയങ്ങളെയും തിരുവചന വെളിച്ചത്തിൽ വിമർശിക്കും എന്ന നിലപാടു ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് സ്വീകരിച്ചിരിക്കുന്നതു വ്യക്തി താൽപ്പര്യങ്ങളെ പ്രതിയല്ല. മറിച്ച് വേർപാടു സഭകളുടെ നന്മയെ കരുതിയാണ്. ഇവിടെ വ്യക്തിയല്ല വിഷയം ഉപദേശമാണ്.

ചുരുക്കത്തിൽ, ബ്രദറൺ റിസേർച്ച് ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ദൈവനാമ മഹത്വത്തിനും അടിസ്ഥാന ഉപദേശ സത്യങ്ങളുടെ വ്യാപനത്തിനും ദൈവജനത്തിന്റെ പ്രത്യേകിച്ചു വേർപാടു സഭകളുടെ ആത്മീകാഭിവൃദ്ധിയും മാത്രം ലക്ഷ്യമിട്ടുള്ളവയാണ്. ദുരുപദേശങ്ങൾക്കെതിരെ എഴുതുമെങ്കിലും വ്യക്തിഹത്യാപരമായ യാതൊരു പരാമർശവും നടത്തിയിട്ടില്ല; നടത്തുകയുമില്ല. ഞങ്ങൾക്കു രഹസ്യ പ്രസിദ്ധീകരണങ്ങളോ വെബ്സൈറ്റുകളോ ഇല്ല. ഞങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാണ്. ഞങ്ങളുടെ വെബ്സൈറ്റുകൾ കാണുവാനാഗ്രഹിക്കുന്നവർ www.Brethren Assembly.com / www.FreeEbooks.Itz4u.com സന്ദർശിക്കുക. ഞങ്ങളുടെ എല്ലാ വെബ്സൈറ്റുകളിലേക്കും പ്രസിദ്ധീകരണങ്ങളിലേക്കുമുള്ള ലിങ്കുകൾ അവിടെ ലഭിക്കും.

ഓർമ്മക്കുറിപ്പുകൾ

# സോപ്പു സൂപ്പ് സാൽവേഷൻ

ഇ.പി. വറുഗീസ്



അങ്കമാലിയിൽ ആദ്യകാലങ്ങളിൽ പലർ വന്നും പോയും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും സ്ഥിരമായ പ്രവർത്തനം ആരംഭിച്ചതു മി. തൈൻ ആണ്. മി. തൈൻ വന്നു കുറേ കഴിഞ്ഞപ്പോൾ 'കൊച്ചു സായ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഒരാളും കൂടെ വന്നു ചേർന്നു. ഇരുവരും ഇംഗ്ലണ്ടിൽ നിന്നും വന്നവരാണ്. 'കൊച്ചു സായ്പിന്നു' വൈദ്യശാസ്ത്രം സംബന്ധിച്ച ചില യോഗ്യതകളുണ്ടായിരുന്നതു കൊണ്ട് സാധുക്കൾക്ക് സൗജന്യമായി ചികിത്സിക്കുന്ന ഒരു ഏർപ്പാടും ആരംഭിച്ച് നടപ്പിൽ വരുത്തി. ഇവരെ മലയാളം പഠിപ്പിക്കുകയും പ്രസംഗം പരിഭാഷപ്പെടുത്തുകയും സുവിശേഷ പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്യുവാനായി മി. ഏബ്രഹാം നബി എന്നൊരു സുവിശേഷകനും കൂടെ ഉണ്ടായിരുന്നു. അദ്ദേഹം ബാസൽ മിഷനിലെ ഒരു ഉപദേശിയായിരുന്നുവെന്നും മി. തൈൻ ആവശ്യപ്പെട്ടതനുസരിച്ച് വന്നതായിരുന്നു എന്നുമാണ് എന്റെ അറിവ്. അദ്ദേഹം രക്ഷിക്കപ്പെട്ട ഒരാളായിരുന്നു എങ്കിലും ദൈവത്തിന്റെ സഭയെ സംബന്ധിച്ച കാര്യങ്ങളിൽ ആവശ്യമായ അറിവും നിശ്ചയവും പ്രാപിച്ചിരുന്നില്ല. മൂന്നുപേരും വിവാഹിതരായ ചെറുപ്പക്കാരായിരുന്നു. കൂട്ടത്തിൽ കൂടുതൽ കൃപാവരവും, കാര്യപ്രാപ്തിയും ഉപദേശത്തിലുള്ള അറിവും നിശ്ചയദാർഢ്യവും ഉണ്ടായിരുന്നതു മി. തൈന് ആയിരുന്നു.

അധഃകൃതരായ പുലയരുടെ മദ്ധ്യത്തിലാണ് അവർ പ്രധാനമായി പ്രവർത്തിച്ചത്. അക്കാലത്ത് പുലയരുടെ നല്ലൊരു കൂട്ടം ഈ പരിസരങ്ങളിൽ ഉണ്ടായിരുന്നു. അവർ വലിയ കുടുംബക്കാരുടെ അടിമകളുമായിരുന്നു. അവർ ഏതാണെന്നു ചോദിച്ചാൽ അവരുടെ ഉടമകളുടെ തറവാട്ടു പേരുകളാലണ് പറഞ്ഞിരുന്നത്. അവരെ ക്രയവിക്രയം ചെയ്യുന്ന നടപടിയും അന്നു നിലവിലുണ്ടായിരുന്നു. എന്തെങ്കിലും വീഴ്ചകൾ വരുത്തുകയോ അനുസരണക്കേടു കാണിക്കുകയോ ചെയ്താൽ, കമുകേലോ തെങ്ങേലോ ചേർത്തുകെട്ടി നിർദ്ദയം മർദ്ദിക്കുക അപൂർവ്വമായിരുന്നില്ല. ഒരു ജന്മിയുടെ പുലയനെ പിടിച്ചു, വഴി നീളെ ഇടിച്ചും അടിച്ചും, ജന്മിയുടെ കിങ്കരന്മാർ ജന്മിയുടെ സ്ഥലത്തേക്കു കൊണ്ടുപോകുന്നത് എന്റെ കുട്ടിക്കാലത്തു ഞാൻതന്നെ കണ്ടിട്ടുണ്ട്. അങ്ങനെ അവശതയനുഭവിച്ചു കൊണ്ടിരുന്നവരുടെ മദ്ധ്യേയാണ് മി. തൈനും കൂട്ടുകാരും പ്രധാനമായി വേല ആരംഭിച്ചത്.

അവരുടെ കുടിലുകൾ സന്ദർശിച്ചു ക്രിസ്തുവിലുള്ള വീണ്ടെടുപ്പിനെക്കുറിച്ച് സംസാരിക്കുക, അവരുടെ രോഗികളെ സൗജന്യമായി ചികിത്സിക്കുക, വിഷമ സന്ധികളിൽ എല്ലാവിധത്തിലുമുള്ള സഹായങ്ങളും ചെയ്യുക എന്നിവയായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾ. പിന്നീടു, മി. തൈൻ മുതലായവർ താമസിച്ചിരുന്ന വീടിന്റെ തെക്കു കിഴക്കു ഭാഗത്തായി, വഴിയോടടുത്തു നാലു മൂലകളിൽ കല്ലുകൊണ്ട് കാലുകൾ കെട്ടിപ്പൊക്കി ഒരു ഷെഡ്ഡുണ്ടാക്കുകയും അവിടെ പ്രധാനമായും ഈ സാധു ജനങ്ങളെ ഉദ്ദേശിച്ചു യോഗങ്ങൾ നടത്തുകയും ചെയ്തുവന്നു. രാത്രികളിലായിരുന്നു യോഗങ്ങൾ. യോഗങ്ങളിൽ ക്രിസ്ത്യാനികളായിരുന്ന ചുരുക്കം ചിലരും പങ്കെടുത്തിരുന്നു. അവരിൽ മുടക്കം കൂടാതെ സംബന്ധിച്ചവരിൽ ഒരാളായിരുന്നു, അങ്കമാലിയിലെ ആദ്യഫലമായിരുന്ന എന്റെ മൂത്ത സഹോദരൻ ശ്രീ. ഇ.പി. പൗലോസ്. ഈ യോഗത്തിൽ ചിലപ്പോഴൊക്കെ കാപ്പി സൽക്കാരങ്ങളും ഉണ്ടായിരുന്നു. ഈ പ്രവർത്തനങ്ങൾ മൂലം പുലയരിൽ ചിലർ രക്ഷിക്കപ്പെടുവാനിടയായി. അവരിൽ പ്രധാന സ്ഥാനം, മരിച്ചുപോയ അബ്രഹാം സഹോദരനുള്ളതായിരുന്നു. വേറെയും ചിലർ, സാധു വർഗ്ഗത്തിൽ നിന്നും പിൽക്കാലങ്ങളിൽ മുമ്പോട്ടു വന്നിട്ടുണ്ടെങ്കിലും, അവശ സമുദായങ്ങളിൽ ഒരു നല്ല പങ്ക് റോമൻ കത്തോലിക്കരായിത്തീരുകയാണുണ്ടായത്.

അബ്രഹാം സഹോദരനെക്കുറിച്ച് രണ്ടു വാക്കു പറയേണ്ടതുണ്ട്. അവസാനത്തോളം വിശ്വസ്തതയോടെ നിലനിന്ന ഒരു നല്ല സഹോദരനായിരുന്നു അബ്രഹാം. എന്റെ ജ്യേഷ്ഠ സഹോദരനും ഏതാണ്ട് അടുത്തടുത്ത കാലത്താണ് രക്ഷിക്കപ്പെട്ടത്. എന്നാൽ അങ്കമാലിയിലെ ആദ്യത്തെ വിശ്വാസസ്നാനം

Continue in page 6.......